കടമറ്റം

സെന്റ്. ജോർജ്ജ് ഓർത്തഡോക്സ് വലിയ പള്ളി

ഭാരതത്തിലെ തന്നെ അതിപുരാതന ദേവാലയങ്ങളിലൊന്നാണ് കടമറ്റം പള്ളി. 4-ാം നൂറ്റാണ്ടിൽ യരുശലേമിൽ നിന്നെത്തിയ മാർ ആബോ ഇവിടുത്തെ നാട്ടു പ്രമാണിയായിരുന്ന കർത്തയുടെ സഹായത്തോടെ ഈ ദേവാലയം പണികഴിച്ചു എന്നാണ് വിശ്വാസം. എല്ലാ വർഷവും മകരം 25-നാണ് ഈ പള്ളിയുടെ പ്രധാന പെരുന്നാൾ കൊണ്ടാടുന്നത്.

ലോകപ്രശസ്തനായി തീർന്ന മഹാ മാന്ത്രികനായ കടമറ്റത്ത് കത്തനാരുടെ ഭൗതികാവശിഷ്ടം മദ്ബഹായുടെ താഴെ വടക്ക് പ്രത്യേക കല്ലറയിൽ വണക്കത്തിനായി സൂക്ഷിച്ചിട്ടുണ്ട്. ഒമ്പതാം മാർത്തോമ്മയെ കബറടങ്ങിയിരിക്കുന്നതും ഈ ദേവാലയത്തിലാണ്. പോയേടം പള്ളിയും പാതാളക്കിണറും കടമറ്റം പള്ളിയുടെ അധികം ദൂരത്തല്ലാതായി സ്ഥിതി ചെയ്യുന്നു.

കടമറ്റത്തിനടുത്ത് ഐക്കർനാട് വില്ലേജിൽ ഒരു പാവപ്പെട്ട കുടുംബത്തിൽ ജനിച്ച കടമറ്റത്ത് കത്തനാരുടെ ആദ്യ നാമം പൗലോസ് എന്നായിരുന്നു. വളരെ ചെറുപ്പത്തിൽ തന്നെ മാതാപിതാക്കളെ നഷ്ടപ്പെട്ട കൊച്ചുപൗലോസ് പള്ളിയിൽ പോയി നിരന്തരം പ്രാർത്ഥിക്കാറുണ്ടായിരുന്നു. ഇതുകണ്ട ഇവിടുത്തെ അച്ചൻ അനാഥനായ കൊച്ചുപൗലോസിനെ പഠിപ്പിച്ച് ശെമ്മശ്ശപ്പട്ടം കൊടുക്കുകയായിരുന്നു. ശെമ്മാശ്ശനായിരിക്കെ നരഭോജികളായ മലയരയന്മാരുടെ വലിയ ഗുഹയിലകപ്പെട്ട ഇദ്ദേഹം അവിടെ കഴിയാൻ നിർബന്ധിതനാവുകയും അവിടെ വച്ച് ഇന്ദ്രജാലം, മഹേന്ദ്രജാലം മുതലായ വിദ്യകൾ പഠിക്കുകയുമായിരുന്നു. 12 വർഷങ്ങൾക്കുശേഷം അത്ഭുതകരമായി കടമറ്റത്ത് തിരിച്ചെത്തിയ ശെമ്മാശ്ശന് മേൽപട്ടക്കാരെല്ലാവരും ചേർന്ന് കത്തനാർ പട്ടം കൊടുത്തു. അന്നുമുതൽ ജനങ്ങൾ അദ്ദേഹത്തെ കടമറ്റത്ത് കത്തനാർ എന്ന് സ്നേഹപൂർവ്വം വിളിച്ചു തുടങ്ങി.

മന്ത്ര വിദ്യകൾ മനുഷ്യ നന്മയ്ക്കുമാത്രം ഉപയോഗിച്ചിട്ടുള്ള കടമറ്റത്തു കത്തനാരെപ്പറ്റി നിരവധി ഐതിഹ്യങ്ങൾ നിലവിലുണ്ട്.

Vicar Rev Fr Abraham k John

*****************